പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4930 26.06.2019-ലെ മറുപടിക്ക്

## ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി.ഡിപ്പോ

ചോദ്യം

ശ്രീ.സജി ചെറിയാൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ഡിപ്പോ കളിൽ ഡ്രൈവർ, കണ്ടക്ടർ ജീവന ക്കാരുടെ കുറവ് സർവ്വീസിനെ ബാധി ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഡ്രൈവർ, കണ്ടക്ടർ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി ടി ജീവനക്കാർ കൂടുതലുള്ള യൂണിറ്റിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ വിന്യസിച്ചി രിക്കുന്നതിനാൽ സർവ്വീസിനെ ബാധിക്കാ റില്ല. |
| (ബി) | ചെങ്ങന്നൂർ ഡിപ്പോയിൽ എല്ലാ സർവ്വീസുകളും സുഗമമായി നടത്തുന്ന തിൽ എത്ര ജീവനക്കാരെയാണ് ആവശ്യമുള്ളതെന്നും നിലവിലുള്ള ജീവനക്കാരുടെ എണ്ണം എത്രയാണെ ന്നും വ്യക്തമാക്കാമോ; | (ബി) | ചെങ്ങന്നൂർ ഡിപ്പോയിൽ നിന്നും എല്ലാ സർവ്വീസുകളും സുഗമമായി നടത്തുന്നതിന് 140 ഡ്രൈവർമാരും, 140 കണ്ടക്ടർമാരും ആവശ്യമാണ്. പ്രസ്തുത യൂണിറ്റിൽ സർവ്വീസ് നടത്തുന്നതിന് നിലവിലുള്ള ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>ഡ്രൈവർ -114, കണ്ടക്ടർ - 131. |
| (സി) | ഡിപ്പോയിൽ എത്ര ബസ്സുകളാണ് ഉള്ളതെന്നും ഇത് വിനിയോഗിച്ച് എത്ര സർവ്വീസുകൾ നടത്തുന്നു എന്നും വിശദമാക്കാമോ; | (സി) | ചെങ്ങന്നൂർ ഡിപ്പോയിൽ നിന്നും 64 ബസ്സുകൾ ഉപയോഗിച്ച് പ്രതിദിനം ശരാശരി 50 സർവ്വീസുകൾ നടത്തുന്നുണ്ട്. |
| (ഡി) | ചെങ്ങന്നൂരിൽ നിന്ന് 2018-19 വർഷത്തിൽ എത്ര അന്തർസംസ്ഥാന ബസ്സുകളാണ് ഓടിച്ചിരുന്നത്; നിലവിൽ ഏതെല്ലാം അന്തർ സംസ്ഥാന സർവ്വീസുകളാണ് ഉള്ള തെന്ന് വിവരിക്കാമോ? | (ഡി) | 2018-19 വർഷത്തിൽ കന്യാകുമാരിയി ലേയ്ക്ക് ഒരു അന്തർസംസ്ഥാന സർവ്വീസാണ് ഓടിച്ചിരുന്നത്. ടി സർവ്വീസ് നിലവിൽ ഓടിച്ചുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**